ഉത്തരം

(എ) ചിറ്റാർ പഞ്ചായത്തിൽ ജണ്ട ഇട്ടതിൽ ചില ക്രമക്കേടുകൾ നടന്നതായി കാണിച്ചുകൊണ്ട് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി സംബന്ധിച്ച് അന്വേഷണം നടത്തി ഈ പരാതിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്ത് അതിർത്തി നിർണ്ണയിച്ചിരിക്കുന്നത് 1977-നു മുൻപുള്ള റെക്കവശഭൂമി വേർതിരിച്ചു കൊടുത്തതിനുശേഷമാണ്. 1977-നു ശേഷം കൈയേറിയ ഭൂമിയാണ് എന്നു ബോദ്ധ്യമുള്ള വനഭൂമികളിലെ കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടാണ് കയ്യാലയും ജണ്ടയും നിർമ്മിച്ചിട്ടുള്ളത്.

വനഭൂമിയ്ക്ക് പട്ടയം

1032. [1535] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംത്തിട്ട ജില്ലയിൽ വനഭൂമി പതിച്ചു കൊടുക്കാൻ കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിരിക്കാനുണ്ടായ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

അങ്ങനെ ശുപാർശ ചെയ്യാതിരുന്നിട്ടില്ല. 1-7-1977 നു മുൻപുള്ള കൈവശഭൂമി പതിച്ചുകൊടുക്കുവാൻ കേന്ദ്രഗവൺമെൻറിനെ അനുവാദത്തിനായി സമർപ്പിച്ച നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ പത്തനംത്തിട്ട ജില്ലയിൽപ്പെട്ട കോന്നി ഡിവിഷനിലെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയ ചില ഭൂമികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തനംത്തിട്ട ജില്ലയിലെ മറ്റു ഭൂമികളെ ഇതിൽ ഉൾപ്പെടുത്താൻ കഴിയാത്തത് ചില ഭാഗങ്ങളിൽ കൈവശക്കാരുടെ തടസ്സംമൂലം സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാകാത്തതിനാലാണ്.

കാട്ടാനകളും കാട്ടുപന്നികളും കൃഷി നശിപ്പിക്കുന്നതായി പരാതി

1033. [1536] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര പ്രദേശങ്ങളിൽ കാട്ടാനകളും കാട്ടുപന്നികളും ഇറങ്ങി കാർഷിക വിളകൾക്കും ജനങ്ങൾക്കും നഷ്ടങ്ങളും അപകടങ്ങളും വരുത്തുന്നതായി ഗവൺമെൻറിനെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ലയിലെ കല്ലാർ, കോട്ടൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും അത്തരം സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട ഡിവിഷനുകളിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly